**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1505** **04-07-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ നിയോജക മണ്ഡലത്തിലെ തകർന്ന റോഡുകളുടെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾക്കായുള്ള പ്രവൃത്തികളിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഭരണാനുമതി ലഭിച്ചിട്ടും ഇനിയും പ്രവൃത്തി ആരംഭിക്കാത്ത എത്ര റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചു കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. 2020 ആദ്യപാദം മുതൽ കോവിഡ് മഹാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങളും, വിദഗ്ധ തൊഴിലാളികളുടെയും നിർമാണ സാമഗ്രികളുടെയും ദൗർലഭ്യം എന്നിവ കാരണം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പറ്റാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന്, 02.02.2022, 20.04.2022 എന്നീ തീയതികളിലെ ഡി.എം.എ3/259/2021/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം കരാർ വയ്ക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചു കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. 2020 ആദ്യപാദം മുതൽ കോവിഡ് മഹാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങളും, വിദഗ്ധ തൊഴിലാളികളുടെയും നിർമാണ സാമഗ്രികളുടെയും ദൗർലഭ്യം എന്നിവ കാരണം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പറ്റാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന്, 02.02.2022, 20.04.2022 എന്നീ തീയതികളിലെ ഡി.എം.എ3/259/2021/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം കരാർ വയ്ക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചു കൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. 2020 ആദ്യപാദം മുതൽ കോവിഡ് മഹാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങളും, വിദഗ്ധ തൊഴിലാളികളുടെയും നിർമാണ സാമഗ്രികളുടെയും ദൗർലഭ്യം എന്നിവ കാരണം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പറ്റാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന്, 02.02.2022, 20.04.2022 എന്നീ തീയതികളിലെ ഡി.എം.എ3/259/2021/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം കരാർ വയ്ക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

I 5151493/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഡി.എം.എ3/259/2021-ഡി.എം.ഡി
ദുരന്ത നിവാരണ (എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-02-2022

**<u>പരിപത്രം</u>**

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണം - പ്രവൃത്തി നിർവ്വഹണത്തിനായി കരാർ വയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സ.ഉ(കൈ) നം.3/2018/ഡി.എം.ഡി., തീയതി 27.03.2018
2) 17.06.2021-ലെ ഡി.എം.എ3/259/2021-ഡി.എം.ഡി നമ്പർ പരിപത്രം
3) ശ്രീ.പി.എസ്. സുപാൽ എം.എൽ.എ-യുടെ 30.12.2021-ലെ നിവേദനം
4) കണ്ണൂർ ജില്ലാ കളക്ടറുടെ 05.01.2022-ലെ DCKNR/143/2022-DM3 നമ്പർ കത്ത്
5) തൃശ്ശൂർ ജില്ലാ കളക്ടറുടെ 10.01.2022-ലെ DCTSR/9462/2018-K4 നമ്പർ കത്ത്
6) പാലക്കാട് ജില്ലാ കളക്ടറുടെ 12.01.2022-ലെ DCPKD/2623/2020-J2 നമ്പർ കത്ത്

പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നൽകിവരുന്ന പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സൂചന സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്ന തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പ്രവൃത്തി നിർവ്വഹണത്തിനായി കരാറിലേർപ്പെടേണ്ടതും ഒന്നര വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ് എന്നും മേൽ നിഷ്കർഷിച്ച സമയപരിധിക്കകം കരാറിലേർപ്പെടാത്ത പ്രവൃത്തികൾ റദ്ദാകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2018,2019 വർഷങ്ങളിലെ പ്രളയം, വിവിധ പൊതുതെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പെരുമാറ്റച്ചട്ടം, കോവിഡ് -19 മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾ എന്നീ കാരണങ്ങളാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിന് നടപടി സ്വീകരിക്കാൻ സാധിക്കാതെ നിരവധി ദിവസങ്ങൾ നഷ്ടപ്പെട്ടത് കണക്കിലെടുത്ത് സൂചന പരിപത്രം പ്രകാരം 2019 ഏപ്രിൽ 1 മുതൽ 2021 മെയ് 31 വരെ ഭരണാനുമതി നൽകിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാറിലേർപ്പെടാനുള്ള കാലാവധി 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നല്കിയിരുന്നു.

2) കോവിഡ് പ്രതിസന്ധി തുടർന്നുവരുന്ന സാഹചര്യത്തിൽ സൂചന പരിപത്രം പ്രകാരം അനുവദനീയമായ സമയപരിധിയ്ക്കകവും കരാറിലേർപ്പെട്ട് ആരംഭിക്കാനാകാത്ത നിരവധി പ്രവൃത്തികൾ അവശേഷിക്കുന്നതിനാൽ അത്തരം പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നതിനായി 2022 മാർച്ച് 31 വരെ സമയം അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ച് 2019 ഏപ്രിൽ 1 മുതൽ 2021 മെയ് 31 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം ഭരണാനുമതി നല്കിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ പ്രളയം, കോവിഡ് മഹാമാരി, സംസ്ഥാനത്ത് നടന്ന വിവിധ പൊതുതെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പെരുമാറ്റച്ചട്ടം എന്നീ കാരണങ്ങളാൽ

I:5151493/2022

സമയബന്ധിതമായി കരാർ വച്ച് ആരംഭിക്കാൻ സാധിക്കാതിരുന്ന എല്ലാ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെയും കരാർ വയ്ക്കാനുള്ള കാലാവധി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നല്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നല്കുന്നു. അപ്രകാരം കരാർ വയ്ക്കുന്ന പ്രവൃത്തികൾ കരാർ വച്ച് 6 മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്.

സാജു.എസ്.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ്:മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്
വെബ് & ന്യൂ മീഡിയ (ഐ&പിആർഡി)
ദുരന്ത നിവാരണ (ബി) വകുപ്പ്
ദുരന്ത നിവാരണ (എ4) സീറ്റ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.ഡി.എം.എ3/259/2021-ഡി.എം.ഡി
ദുരന്ത നിവാരണ (എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-04-2022

## സർക്കുലർ

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭം - സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണം - പ്രവൃത്തികൾക്ക് കരാറിലേർപ്പെടുന്നതിനും പൂർത്തീകരിക്കുന്നതിനും കാലാവധി ദീർഘിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സ.ഉ(കൈ) നം.3/2018/ഡി.എം.ഡി., തീയതി 27.03.2018
2) 02.02.2022-ലെ ഇതേ നമ്പർ പരിപത്രം
3) ശ്രീ. പി. എസ്. സുപാൽ എം.എൽ.എ-യുടെ 24.03.2022-ലെ നിവേദനം

***********************

പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നല്കിവരുന്ന പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സൂചന സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്ന തീയതി മുതൽ ആറ് മാസത്തിനുള്ളിൽ പ്രവൃത്തി നിർവ്വഹണത്തിനായി കരാറിലേർപ്പെടേണ്ടതും ഭരണാനുമതി തീയതി മുതൽ ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണെന്നും അപ്രകാരം സമയബന്ധിതമായി കരാർ വയ്ക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2018, 2019 വർഷങ്ങളിലെ പ്രളയം, വിവിധ പൊതു തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിന്നിരുന്ന മാതൃകാ പെരുമാറ്റച്ചട്ടം, കോവിഡ്-19 പ്രതിസന്ധിയെത്തുടർന്നുള്ള കർശന നിയന്ത്രണങ്ങൾ എന്നിവ മൂലം പ്രവൃത്തികളുടെ നിർവ്വഹണത്തിന് വളരെയേറെ സമയനഷ്ടം ഉണ്ടായിട്ടുള്ളത് കണക്കിലെടുത്ത് 2019 ഏപ്രിൽ 1 മുതൽ 2021 മെയ് 31 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ഭരണാനുമതി നല്കിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാർ വയ്ക്കാനുള്ള കാലാവധി സൂചന പരിപത്രം പ്രകാരം 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നല്കിയിരുന്നു.

2) 2020-ന്റെ ആദ്യപാദം മുതൽ കോവിഡ് മഹാമാരി മൂലമുള്ള നിയന്ത്രണങ്ങൾ നിലനിന്നിരുന്ന സവിശേഷ സാഹചര്യം പരിഗണിച്ചും, സൂചന പരിപത്രം പ്രകാരം അനുവദനീയമായ സമയപരിധിയ്ക്കകം കരാറിലേർപ്പെട്ട് ആരംഭിക്കാനാകാത്ത നിരവധി പ്രവൃത്തികൾ അവശേഷിക്കുന്നതിനാലും **2020 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31** വരെയുള്ള കാലയളവിനുള്ളിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നല്കിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നതിന് 6 മാസത്തെ സമയം

കൂടി അനുവദിക്കുന്നതിനും സൂചന പരിപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം 2022 മാർച്ച് 31 നകം കരാർ വച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുന്നതിന് 6 മാസത്തെ (ആറ് മാസം) സാവകാശം കൂടി അനുവദിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നല്കുന്നു. ഇപ്രകാരം കരാർ വയ്ക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

ANURADHA K C
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

**Signed by Bijumon K K**
**Date: 20-04-2022 17:08:18**
സെക്ഷൻ ഓഫീസർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് :-മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
ദുരന്ത നിവാരണ (ബി) വകുപ്പ്
ദുരന്ത നിവാരണ (എ4) സീറ്റ്